ഹദീസ്

സുബൈർ കുന്ദമംഗലം

# മരിച്ചവരെ അപമാനിക്കരുത്

عَنْ عَائِشَةَ رَضِي الله عَنْها قَالَتْ، قَالَ رَسُولُ الله صَلّى الله عَلَيه وَسَلّم : لاَ تَسُبُّوا الأَمْوَاتَ، فَإِنَّهُمْ قَدْ أَفْضَوْا إِلَى مَا قَدَّمُوا (البخارى)

**ആഇശ (റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു: 'നിങ്ങൾ മരിച്ചവരെ ചീത്ത പറയരുത്. നിശ്ചയം, അവർ തങ്ങളുടെ കർമങ്ങളിലേക്ക് ചെന്നു ചേർന്നുകഴിഞ്ഞിരിക്കുന്നു' (ബുഖാരി).**

മനുഷ്യരെ ഏറെ ആദരിക്കുന്ന മതമാണ് ഇസ്‌ലാം. ഒരേ മാതാപിതാക്കളുടെ മക്കളെന്ന നിലയിൽ പരസ്പര സ്നേഹവും സാഹോദര്യവും ആദരവും കാത്തുസൂക്ഷിക്കേണ്ടവരാണ് മനുഷ്യർ. അതിനാൽ മുഴുവൻ മനുഷ്യരോടും സഹവർത്തിത്വത്തോടെയും ആദരവോടെയും പെരുമാറണമെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. പകയും വിദ്വേഷവും അസൂയയുമില്ലാത്ത, കരുണയും സഹാനുഭൂതിയും സഹജീവിസ്നേഹവും തുളുമ്പിനിൽക്കുന്ന, സമാധാനവും ശാന്തിയും തണൽ വിരിക്കുന്ന ലോകമാണ് ഇസ്‌ലാം പടുത്തുയർത്തുന്നത്.

ജീവിച്ചിരിക്കുന്നവരോടുള്ള ഇസ്‌ലാമിന്റെ സമീപനം ഇതാണെങ്കിൽ മരണപ്പെട്ടവരോടുള്ള സമീപനം ഊഹിക്കാമല്ലോ. മരിച്ചവരെ ആക്ഷേപിക്കരുതെന്നും മൃതദേഹങ്ങളോട് അനാദരവ് കാട്ടരുതെന്നും ഇസ്‌ലാം പഠിപ്പിക്കുന്നു. മരണപ്പെട്ടവർ ആരായിരുന്നാലും മൃതദേഹം ആദരിക്കപ്പെടേണ്ടതാണെന്നും പ്രവാചകൻ(സ) ഉണർത്തി. യുദ്ധത്തിൽ വധിക്കപ്പെടുന്നവരുടെ മൃതദേഹങ്ങൾ വികൃതമാക്കുന്നതും അംഗഭംഗം വരുത്തുന്നതും അവിടുന്ന് വിലക്കി. മൃതദേഹം വഹിച്ചുപോകുന്ന ഒരു ജനക്കൂട്ടത്തെ കണ്ടപ്പോൾ നബി(സ) ആദരസൂചകമായി എഴുന്നേറ്റു നിന്നു. ഇതു കണ്ട സ്വഹാബിമാർ ചോദിച്ചു: 'അതൊരു ജൂതന്റെ മൃതശരീരമല്ലേ പ്രവാചകരേ?' നബി(സ) അവരെ തിരുത്തി: 'അതൊരു മനുഷ്യന്റെ മൃതദേഹമാണ്.'

മരണപ്പെട്ടവരെപ്പറ്റി നല്ലതേ പറയാവൂ എന്നാണ് നബിയുടെ അധ്യാപനം. വ്യഭിചാരക്കുറ്റത്തിന് എറിഞ്ഞു കൊല്ലപ്പെട്ട മാഇസി(റ)നെ ആക്ഷേപിക്കുംവിധം പ്രസ്തുത സംഭവം അയവിറക്കിയവരെ നബി(സ) കണക്കിന് ശാസിക്കുകയുണ്ടായി. സഹോദരന്റെ ശവം തിന്നാൻ ആരെങ്കിലും ആഗ്രഹിക്കുമോയെന്നാണ് ഖുർആന്റെ ചോദ്യം എന്നോർക്കുക (*അൽ ഹുജുറാത്ത്*).

മരണശേഷവും ആളുകളെ കടന്നാക്രമിക്കുന്നതും ആക്ഷേപശരങ്ങൾ ചൊരിയുന്നതും അപക്വമനസ്സിന്റെ ലക്ഷണമാണ്. നന്മയുടെ അംശം അൽപമെങ്കിലും അവശേഷിക്കുന്നവരിലും കാരുണ്യത്തിന്റെ ഉറവ വറ്റിപ്പോയിട്ടില്ലാത്തവരിലും അത്തരം ക്രൂരമനസ്സുകളുണ്ടാകില്ല. എതിരാളികളായ രാഷ്ട്രീയ പ്രവർത്തകർക്കും ഭരണാധികാരികൾക്കുമെതിരെ ശാപപ്രാർഥന നടത്തിയ സംഭവങ്ങൾ ചരിത്രത്തിലുണ്ട്. പക്ഷേ, അനിസ്‌ലാമികമായ അത്തരം രീതികളൊന്നും യഥാർഥ വിശ്വാസികൾക്ക് മാതൃകയോ അനുവദനീയമോ അല്ല. ഖുർആനിന്റെയും പ്രവാചകന്റെയും അധ്യാപനങ്ങളാണ് അവർ മാതൃകയാക്കേണ്ടതും കർമപഥത്തിൽ കൊണ്ടുവരേണ്ടതും.

അന്യമതക്കാരനായതിന്റെ പേരിലോ എതിർ ചേരിക്കാരനായതിന്റെ പേരിലോ ഒരാളുടെ വീഴ്ചയിൽ സന്തോഷിക്കാനും ആഹ്ലാദിക്കാനും മുസ്‌ലിമിന് അവകാശമില്ല. 'ഒരു ജനതയോടുള്ള ശത്രുത അനീതി പ്രവർത്തിക്കാൻ' കാരണമായിക്കൂടാ. ആദർശത്തെ ആദർശം കൊണ്ടും ആശയത്തെ ആശയം കൊണ്ടുമാണ് നേരിടേണ്ടത്. അതാണ് വിവേകത്തിന്റെ വഴി. സങ്കുചിതമായ പക്ഷപാതം വിവേകത്തെ അതിജയിക്കുമ്പോൾ അവിടെ ഭ്രാന്തവും വന്യവുമായ പൈശാചികത ചടുലനൃത്തം ചവിട്ടാതിരിക്കില്ല. അതാണിപ്പോൾ സാമൂഹിക മാധ്യമങ്ങളിൽ നിറഞ്ഞാടുന്നത്. ●